REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-06-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാജ്യത്തെ വരുംതലമുറ അടിസ്ഥാന സൗകര്യവികസനത്തിന് സുസ്ഥിരതയും ദീർഘകാല കാഴ്ചപ്പാടും കരുത്ത് പകരുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പാർശ്വവത്കരിക്കപ്പെട്ടവരെ ശാക്തീകരിക്കുന്ന നിശബ്ദവിപ്ലവമാണ് ഇന്ത്യൻ ഭരണഘടനയെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് BR ഗവായ്.**
- **വാൻ ഹായി 503 ചരക്കുകപ്പലിലെ തീ അണയ്ക്കാൻ തീര രക്ഷാ സേനയുടെ ശ്രമം തുടരുന്നു.**
- **നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന്റെ ക്രമീകരണങ്ങൾ പൂർത്തിയായതായി ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ.**
- **സംസ്ഥാനത്ത് കാലവർഷം വീണ്ടും സജീവം- പത്ത് ജില്ലകളിൽ മഞ്ഞ ജാഗ്രത.**

## വാർത്തകൾ വിശദമായി

രാജ്യത്തെ വരുംതലമുറ അടിസ്ഥാന സൗകര്യവികസനത്തിന് സുസ്ഥിരതയും ദീർഘകാല കാഴ്ചപ്പാടും കരുത്ത് പകരുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. അടിസ്ഥാന സൗകര്യവികസന മേഖലയിൽ 11 വർഷവും രാജ്യത്തിന്റെ വളർച്ചാപാത മികച്ചതായിരുന്നുവെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. റെയിൽവെ മുതൽ ദേശീയ പാതകൾ വരെയും തുറമുഖങ്ങൾ മുതൽ വിമാനത്താവളങ്ങൾ വരെയും അടിസ്ഥാന സൗകര്യ ജീവിത ശൃംഖല വികസിച്ചുകൊണ്ടിരിക്കുക യാണെന്നും ഇത് രാജ്യത്തിന് സമൃദ്ധിയേകുമെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

കവിയും സാമൂഹിക പരിഷ്കർത്താവുമായിരുന്ന കബീർദാസിന്റെ ജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. സാമൂഹിക ഐക്യത്തിനായി ജീവിതം സമർപ്പിച്ച കബീർദാസിന്റെ വരികളിൽ വാക്കുകളുടെ ലാളിത്യവും വികാരങ്ങളുടെ ആഴവും ഉണ്ടായിരുന്നു. സമൂഹത്തിലെ തിന്മകൾ ഇല്ലാതാക്കുന്നതിന് കബീർദാസ് നൽകിയ സംഭാവനകൾ രാജ്യം എക്കാലവും ഓർമ്മിക്കുമെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

അഞ്ച് വർഷം കൊണ്ട് രാജ്യരക്ഷാ മേഖലയിൽ മൂന്ന് ലക്ഷം കോടി രൂപയുടെ ഉത്പാദനം ലക്ഷ്യമിടുന്നതായി കേന്ദ്രഗവൺമെന്റ് അറിയിച്ചു. ഇതോടെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പ്രതിരോധ ഉത്പന്നങ്ങളുടെ കയറ്റുമതി 50,000 കോടി രൂപയിലെത്തും.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷം മൂലധനവിനിയോഗം 11.2 ലക്ഷം കോടി രൂപയായി ഉയർന്നുവെന്ന് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് പറഞ്ഞു. പത്തുവർഷം രാജ്യത്തെ അടിസ്ഥാന മേഖലയുടെ വികസനം അതിവേഗമാണെന്നും അദ്ദേഹം പറഞ്ഞു. 11 വർഷത്തെ NDA ഭരണവുമായി ബന്ധപ്പെട്ട ലേഖനത്തിലാണ് അശ്വനി വൈഷ്ണവ് ഇക്കാര്യം അറിയിച്ചത്.

ഇക്കാലയളവിൽ 50,000 കിലോമീറ്ററിലേറെ ദേശീയപാതകളും 37,500 കിലോമീറ്ററിലധികം റെയിൽപാതയും നിർമ്മിച്ചു. ഡിജിറ്റൽ അടിസ്ഥാന സൗകര്യത്തിനും വൻ വികസനം സാധ്യമായി. ഇന്ത്യയുടെ UPI , ആധാർ, ഡിജിലോക്കർ എന്നിവയെപറ്റി ലോകം മുഴുവൻ ഇപ്പോൾ പഠനം നടത്തുകയാണെന്നും അശ്വനി വൈഷ്ണവ് പറഞ്ഞു.

✪✪✪

പാർശ്വവത്കരിക്കപ്പെട്ടവരെ ശാക്തീകരിക്കുന്ന നിശബ്ദവിപ്ലവമാണ് ഇന്ത്യൻ ഭരണഘടനയെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് BR ഗവായ് പറഞ്ഞു. ന്യൂഡൽഹിയിൽ ഓക്സ്ഫോഡ് യൂണിയൻ സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പല പതിറ്റാണ്ടുകൾക്ക് മുമ്പ് ദശലക്ഷ കണക്കിന് പൗരന്മാരെ തൊട്ടുകൂടാത്തവരെന്നും അശുദ്ധരെന്നും കണക്കാക്കിയിരുന്നു. എന്നാൽ അവർ പൗരന്മാരാണെന്നും അവർക്ക് സംസാരിക്കാൻ കഴിയുമെന്നും ഇന്ത്യൻ ഭരണഘടന തെളിയിച്ചതായി ചീഫ് ജസ്റ്റിസ് വ്യക്തമാക്കി.

✪✪✪

ഈ മാസം 21 ലെ യോഗ സംഗമത്തിന് ആതിഥേയത്വം വഹിക്കാൻ രാജ്യത്ത് 50,000 ലേറെ സംഘടനകൾ രജിസ്റ്റർ ചെയ്തതായി ആയുഷ് മന്ത്രാലയം അറിയിച്ചു. 11000 ത്തിൽ അധികം സംഘടനകൾ രജിസ്റ്റർ ചെയ്ത രാജസ്ഥാനാണ് സംസ്ഥാനങ്ങളിൽ മുൻനിരയിൽ. 'ഏക ഭൂമിക്കും ഒരേ ആരോഗ്യത്തിനും യോഗ' എന്നതാണ് ഈ വർഷത്തെ യോഗാ ദിന പ്രമേയം.

✪✪✪

11-മത് അന്താരാഷ്ട്ര യോഗാ ദിനത്തിന്റെ ഭാഗമായി ഉത്തരാഖണ്ഡിലെ ഋഷികേശിലും ഹരിദ്വാറിലും വിവിധ കേന്ദ്രങ്ങളിൽ യോഗാപരിശീലിന ക്യാമ്പുകൾ തുടങ്ങി. ഉത്തരാഖണ്ഡിൽ ആദ്യമായി അങ്കണവാടി കേന്ദ്രങ്ങളിലും അന്താരാഷ്ട്ര യോഗാ ദിനം ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

✪✪✪

രാജ്യത്തെ വെള്ളപ്പൊക്കവും അനുബന്ധ സാഹചര്യങ്ങളും കൈകാര്യം ചെയ്യുന്നതിന്റെ തയ്യാറെടുപ്പുകൾ കേന്ദ്രമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഡൽഹിയിൽ ഉന്നതതല യോഗം അവലോകനം ചെയ്തു. വെള്ളപ്പൊക്ക ഭീഷണി നേരിടാൻ സ്വീകരിച്ച ദീർഘകാല നടപടികളും കഴിഞ്ഞ വർഷത്തെ യോഗ തീരുമാനപ്രകാരം സ്വീകരിച്ച നടപടികളും കേന്ദ്രമന്ത്രി അവലോകന വിധേയമാക്കി. വെള്ളപ്പൊക്കം കൈകാര്യം ചെയ്യുന്നതിന് സ്വീകരിച്ച പുതിയ സാങ്കേതികവിദ്യകളും യോഗത്തിൽ ചർച്ചയായതായി ആഭ്യന്തരമന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

അതിർത്തി മേഖല ശക്തിപ്പെടുത്തുന്നതിന് ജമ്മു കശ്മീരിലെ സാംബ ജില്ലയിൽ അതിർത്തി രക്ഷാ സേന പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. ആയുധങ്ങൾ കൈകാര്യം ചെയ്യുന്ന കഴിവുകൾ, സാഹചര്യ അവബോധം, പ്രതികരണ തന്ത്രങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിലാണ് പരിശീലനം ശ്രദ്ധ കേന്ദ്രീകരിച്ചത്.

✪✪✪

കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപെട്ട വാൻ ഹായി 503 ചരക്കുകപ്പലിലെ തീ അണയ്ക്കാൻ തീര സംരക്ഷണ സേനയുടെ നേതൃത്വത്തിൽ തീവ്രശ്രമം തുടരുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി നസീർബാബു

........വോയ്സ്.....

കേരളത്തിലെ അഴീക്കലിൽ നിന്ന് 44 നോട്ടിക്കൽ മൈൽ (nm) അകലെ തീപിടുത്തമുണ്ടായ കപ്പലിലെ രക്ഷാപ്രവർത്തനം തുടരുന്നതായി തീര സംരക്ഷണ സേന അധികൃതർ പറഞ്ഞു. നിലവിൽ കപ്പലിന്റെ മധ്യഭാഗത്ത് തീ നിയന്ത്രണവിധേയമാണെങ്കിലും മുൻ വശത്ത് തീ തുടരുന്നു, കോസ്റ്റ് ഗാർഡിന്റെ രണ്ടു കപ്പലുകൾ തീ അണയ്ക്കുകയും ഒരു കപ്പൽ കാണാതായവർക്കായി തെരച്ചിൽ തുടരുന്നു. രാത്രിയിലും രക്ഷാപ്രവർത്തനം തുടർന്നിരുന്നു. കൊളംബോയിൽ നിന്ന് മുംബൈയിലേക്ക് പോകുകയായിരുന്ന സിംഗപ്പൂർ പതാകയുള്ള എം വി വാൻഹായി 503 എന്ന ചരക്ക് കപ്പൽ, ബേപ്പൂർ തുറമുഖത്തിന് ഏകദേശം 76 നോട്ടിക്കൽ മൈൽ പടിഞ്ഞാറ്, അറബിക്കടലിലാണ് അപകടം സംഭവിച്ചത്. നേരത്തെ 18 പേരെ മംഗലാപുരം തിരം വഴി പുറത്തെത്തിച്ചിരുന്നു. അഞ്ച് പേർക്ക് പരിക്കേറ്റതായും ഇതിൽ രണ്ട് പേരുടെ പരിക്ക് ഗുരുതരമാണെന്നും റിപ്പോർട്ടുണ്ട്.

✪✪✪

കെനിയയിലെ വാഹനാപകടത്തിൽ മരിച്ച അഞ്ച് മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കാൻ ശ്രമം ആരംഭിച്ചു. പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയായതായി റിപ്പോർട്ടുകൾ പറയുന്നു. രേഖകൾ ലഭ്യമാകുന്നതോടെ ഇന്നോ നാളെയോ തന്നെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുമെന്നാണ് അറിയുന്നത്.

തിങ്കളാഴ്ച ഇന്ത്യൻ സമയം വൈകിട്ട് ഏഴു മണിയോടെയാണ് വിനോദ സഞ്ചാരത്തിനു പോയ 28 അംഗ ഇന്ത്യൻ സംഘത്തിന്റെ ടൂറിസ്റ്റ് ബസ് അപകടത്തിൽപ്പെട്ടത്.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന്റെ എല്ലാ ക്രമീകരണങ്ങളും പൂർത്തിയായതായി മലപ്പുറം ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ VR വിനോദ് അറിയിച്ചു. മണ്ഡലത്തിൽ ആകെ രണ്ട് ലക്ഷത്തി 32,381 വോട്ടർമാരുണ്ട്. ഇതിൽ ഒരു ലക്ഷത്തി 25,256 പേർ സ്ത്രീകളാണ്. പുതുതായി 59 പോളിംഗ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. ഒരു പോളിംഗ് സ്റ്റേഷനിൽ പരമാവധി 1,100 വോട്ടർമാരെയാണ് അനുവദിക്കുക. മണ്ഡലത്തിൽ ആകെ 14 പ്രശ്നബാധിത ബൂത്തുകൾ ഉണ്ടെന്നും ഇവിടങ്ങളിൽ കർശന സുരക്ഷാ സംവിധാനമൊരുക്കുമെന്ന് ജില്ലാ പൊലീസ് മേധാവി R വിശ്വനാഥനും അറിയിച്ചു.

✪✪✪

UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന്റെ രണ്ടാം ഘട്ട പഞ്ചായത്ത് പര്യടനം രാവിലെ തുടങ്ങി. NDA സ്ഥാനാർത്ഥി മോഹൻ ജോർജിന്റെ ഇന്നത്തെ പര്യടനം കരുളായി പഞ്ചായത്തിലാണ്. LDF സ്ഥാനാർത്ഥി M സ്വരാജിന്റെ പര്യടനം പോത്തുകല്ല് പഞ്ചായത്തിലും പുരോഗമിക്കുന്നു. PV അൻവറും പ്രചാരണരംഗത്ത് സജീവമാണ്.

✪✪✪

പാലക്കാട് ജില്ലയിലെ മലയോര മേഖലയിലെ ജനങ്ങൾ നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളുടെ ഭീഷണിയിലാണ്. അട്ടപ്പാടി, മംഗലംഡാം, നെല്ലിയാമ്പതി, കഞ്ചിക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ ജനവാസ മേഖലകളിൽ ആനയും കടുവയും അടക്കം വന്യമൃഗങ്ങളുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

.........വോയ്സ്..........

മംഗലം ഡാമിലെ നേർച്ചപ്പാറയിൽ വീടിനു സമീപം കൃഷിയിടത്തിൽ കടുവയെ കണ്ടതായാണ് നാട്ടുകാർ പറയുന്നത്. കാൽപ്പാടുകൾ കണ്ട് വനം ഉദ്യോഗസ്ഥർ കടുവയുടെ സാന്നിധ്യം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. കടുവയുടെ സഞ്ചാരപാത മനസ്സിലാക്കി കൂടുവയ്ക്കാനുള്ള ഒരുക്കത്തിലാണ് വനം വകുപ്പ് കടപ്പാറ നേർച്ചപ്പാറ ഭാഗത്തുള്ളവർ പുറത്തിറങ്ങുമ്പോൾ ശ്രദ്ധിക്കണമെന്ന് മുന്നറിയിപ്പും നൽകിയിട്ടുണ്ട്. ഒരിടവേളയ്ക്കുശേഷം നെല്ലിയാമ്പതി ചുരം പാതയിൽ കാട്ടാനക്കൂട്ടം ഇറങ്ങുന്നതും പതിവായിരിക്കുകയാണ് കഴിഞ്ഞ ദിവസം സഞ്ചാരികളായ യാത്രക്കാർക്ക് നേരെ ആനകൾ പാഞ്ഞടുക്കുകയും ചെയ്തിരുന്നു.കഞ്ചിക്കോട് പയറ്റുകാട് ഭാഗത്താണ് 18 കാട്ടാനകളുടെ കൂട്ടം വിഹരിക്കുന്നത്.അട്ടപ്പാടി ജെല്ലിപ്പാറ മേലെ കണ്ടിയൂരിലും കാട്ടാനകൾ എത്തിയിട്ടുണ്ട്. ഇവിടെ നിന്നെല്ലാം ആനകളെ കാട് കയറ്റാനുള്ള ശ്രമത്തിലാണ് വനം ഉദ്യോഗസ്ഥർ.

✪✪✪

സംസ്ഥാനത്ത് കാലവർഷം വീണ്ടും സജീവം. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് പത്ത് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് ഒഴികെ ജില്ലകളിലാണ് മഞ്ഞ ജാഗ്രത നൽകിയിരിക്കുന്നത്.

അടുത്ത ചൊവ്വാഴ്ച വരെ സംസ്ഥാനത്ത് മഴ കൂടാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

കോഴിക്കോട്ട് താമരശ്ശേരിയിൽ 10-ാം ക്ലാസ് വിദ്യാർത്ഥിയായിരുന്ന ഷഹബാസിനെ കൊലപ്പെടുത്തിയ സംഭവത്തിൽ കുറ്റാരോപിതരായ ആറ് വിദ്യാർത്ഥികൾക്ക് ഹൈക്കോടതി ജാമ്യം അനുവദിച്ചു. ജസ്റ്റിസ് ബെച്ചു കുര്യൻ തോമസാണ് ജാമ്യം നൽകിയത്.

✪✪✪

ലണ്ടനിൽ ലോക  ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ ഇന്ന് തുടങ്ങും. നിലവിൽ ചാമ്പ്യൻമാരായ ഓസ്ട്രേലിയയും ദക്ഷിണാഫ്രിക്കയും തമ്മിലാണ് പോരാട്ടം. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് മൂന്നിന് ഇംഗ്ലണ്ടിലെ ലോഡ്സ് ഗ്രൗണ്ടിലാണ് മത്സരം.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRT : അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*